(ബി) ഇപ്രകാരം ഒരു വൗച്ചർ നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നു. ഈ വിഷയം ധനകാര്യ വകുപ്പ് (ഇൻസ്പെക്ഷൻ വിംഗ്) അന്വേഷിക്കുകയാണ്; റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഈ കാര്യവും ധനകാര്യ വകുപ്പ് (ഇൻസ്പെക്ഷൻ വിംഗ്) അന്വേഷിക്കുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

254 (1433) കൈത്തറി വികസന കോർപ്പറേഷനിലെ ഷോറൂമുകളിൽ നടന്ന ക്രമക്കേടുകൾ

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഷോറൂമുകളിലും സെന്ററുകളിലും കൃത്രിമങ്ങളും പണാപഹരണങ്ങളും നടത്തിയ എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഇത് ഏതെല്ലാം ഷോറൂമുകളിലും സെന്ററുകളിലുമാണ്, ആരെല്ലാമാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്;

(സി) പാലക്കാട് ചിറ്റൂരിലുള്ള സെന്ററിൽ പണാപഹരണങ്ങളും കൃത്രിമവും നടത്തിയതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇങ്ങനെയുള്ള കൃത്രിമങ്ങളും പണാപഹരണങ്ങളും തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20 കേസ്സുകൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കോർപ്പറേഷനിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ വിശദമായ അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിവരുന്ന മുറയ്ക്ക് ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്.

(ഡി) കോർപ്പറേഷനിൽ വിജിലൻസ് സെൽ രൂപീകരിക്കുകയും ഇന്റേണൽ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

255 (1434) മൂടാടി പഞ്ചായത്തിൽ വ്യവസായ പാർക്ക്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് പ്രഖ്യാപിച്ചിരുന്ന എത്ര വ്യവസായ പാർക്കുകളാണ് നിലവിൽ വന്നിട്ടുള്ളത്;

(ബി) അവ ഏതെല്ലാം;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly